നടത്തിയിട്ടുള്ള നിയമനങ്ങളാണധികവും. ഈ നിയമനങ്ങൾ ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല. 256 പേരുടെ നിയമനം കോർപ്പറേഷൻ ഡയറക്ടർ ബോർഡ് റഗുലറൈസ് ചെയ്തത് ഗവൺമെൻറ് പരിശോധനക്ക് വിധേയമാക്കിയിരിക്കുകയാണ്.

(സി) ആയിരം രൂപയോ അതിൽ കൂടുതലോ അടിസ്ഥാന ശമ്പളമുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾ ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ നടത്തുക, അതിനുതാഴെയുള്ള തസ്തികകളിലേക്ക് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് നടത്തുക. എഴുന്നൂറുരൂപയും അതിനു താഴെയും ശമ്പളമുള്ള സൂപ്പർവൈസറിയും മാനേജറിയലും വിഭാഗത്തിലുള്ളവരെ പി.എസ്.സി. വഴി നിയമിക്കുക, എഞ്ചിനീയർമാരെ പി.ഡബ്ലിയു.ഡി.യിൽനിന്നും മറ്റും ഡെപ്യൂട്ടേഷനിൽ നിയമിക്കുക ഇവയാണ് നിയമനങ്ങൾക്ക് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ. കോൺട്രാക്ടറ് വ്യവസ്ഥയിലും ദിവസശമ്പളത്തിൽ താല്ക്കാലികാടിസ്ഥാനത്തിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കയാണ്.

കിഴക്കേത്തെരുവ്-പത്തനാപുരം റോഡ്

1056 [1676] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേത്തെരുവ്-പത്തനാപുരം റോഡിൻെറ രണ്ടാം ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് 1978-79-ലെ ബഡ്ജറിൽ തുക ഉൾപ്പെടുത്തിയിരുന്നോ;

(ബി) ആ റോഡിൻെറ അഭിവൃദ്ധിപ്പെടുത്തൽ നടപടി എത്രത്തോളമായെന്ന് പറയാമോ?

ഉത്തരം

(എ) 1978-79-ലെ ബഡ്ജറിൽ ഈ പണിക്ക് 100 രൂപ വകകൊള്ളിച്ചിരുന്നു.

(ബി) ഇതിൻെറ അടങ്കൽ കൊല്ലം ബി ആൻറ് ആർ ഡിവിഷനാഫീസിൽ പരിശോധനയിലാണ്.

റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി

1057 [1677] ശ്രീ. ഇ.കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറുകുന്നിൽനിന്നും റയിൽവേ സ്റേഷൻ വഴി ഒറക്കല്ലിലേക്കുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് കഴിഞ്ഞ ബഡ്ജറിൽ എന്തു തുക ഉൾപ്പെടുത്തിയിരുന്നു;

(ബി) ഈ റോഡിൻെറ പണി പൂർത്തിയാക്കാതിരുന്നതിൻെറ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പണിക്ക് 1978-79-ലെ ബഡ്ജറിൽ 20,000 രൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ അടങ്കൽ ബി ആൻറ് ആർ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

പ്രമാടം കടവിൽ പാലം നിർമ്മിക്കാൻ നടപടി

1058 [1678] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ പ്രമാടം കടവിൽ ഒരു പാലം നിർമ്മിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽനിന്നും;

(സി) ആ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാട്ടുകാരിൽനിന്നും.

(സി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതിനു ശേഷമേ മേൽനടപടികളും സ്വീകരിക്കാൻ കഴിയു.

എറണാകുളം സിവിൽ സ്റ്റേഷന്റെ പണി

1059 [1679] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സിവിൽ സ്റ്റേഷന്റെ പണി എന്നാണ് ആരംഭിച്ചത്;

(ബി) നാളിതുവരെയുള്ള പണിയുടെ പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെ എത്ര സംഖ്യ ചെലവായെന്നു പറയുമോ;

(ഡി) പണി പൂർത്തിയാകാതിരിക്കുന്നതിനുള്ള കാരണങ്ങളും എന്തൊക്കെയെന്ന് പറയുമോ?

ഉത്തരം

(എ) 10.1.1972-ൽ ആണ് ആരംഭിച്ചത്.

(ബി) എ1, എ2 എന്നീ ബ്ലോക്കുകളിൽ എ2 ബ്ലോക്കിന്റെ അവസാന മിനുക്കുപണികളൊഴിച്ചുള്ള എല്ലാ പണിയും പൂർത്തിയായിട്ടുണ്ട്.

(സി) 30,39,732 രൂപ.

(ഡി) വിവിധ കാരണങ്ങളാൽ കരാറുകാരൻ പണി നിറുത്തിവച്ചിട്ട് മദ്ധ്യസ്ഥ തീരുമാനത്തിനുപോയി.

LIBRARY ARCHIVES Kerala Legislative Assembly